For circulation among believers only

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ വാർത്താപത്രിക

Reg. No. M6/33628/2001

Postal Reg. No. KL/CR/EKM/429/2006-08

Annual Subscription Rs. 50

വാല്യം - 7 | ലക്കം - 11 | ഒക്ടോബർ 2008

### യുവജന ശുശ്രൂഷയെപ്പറ്റി

## ദൈവജനം അറിയുന്നതിന്

യുവജനങ്ങളുടെ വ്യക്തിപരമായ ഉണർവ്വിലൂടെ സ്ഥലം സഭകളുടെ ആത്യന്തിക ഉണർവ്വ് എന്ന ലക്ഷ്യത്തിനുവേണ്ടിയാണ് യുവജനങ്ങളുടെ ഇടയിൽ പ്രത്യേക ശുശ്രൂഷകൾ ആരംഭിച്ചത്. ദൈവമക്കളുടെ പ്രാർത്ഥനയുടെയും കണ്ണുനീരിന്റെയും ഫലമായി ഇക്കഴിഞ്ഞ വർഷങ്ങളിൽ അനേക യുവതീയുവാക്കന്മാർ ദൈവഭക്തിയോടെ ജീവിക്കുന്നത് കണ്ട് ഹൃദയം നിറഞ്ഞ നന്ദി കർത്തൃപാദത്തിൽ അർപ്പിക്കുന്നു. യുവജന ശുശ്രൂഷ ദൈവം ആരംഭിച്ചതാണ്. പ്രാദേശിക സഭകളിൽ യുവജനങ്ങൾക്കായുള്ള വിവിധ കാര്യങ്ങൾ മുൻപും നടന്നിട്ടുണ്ട്. 55 വർഷങ്ങൾക്ക് മുൻപ് എം.ഇ. ചെറിയാൻ സാറും പി.കെ. മാത്യൂസ് അപ്പച്ചനും മുൻകൈ എടുത്തു തുടങ്ങിയ കുട്ടികൾക്കുവേണ്ടിയുള്ള സുവിശേഷകൻ ബാലസംഘവും മറ്റുള്ളവരോടൊപ്പം ചെറിയാൻ സാർ നേതൃത്വം നൽകി 1941 ൽ ആരംഭിച്ച വൈ.എം.ഇ.എഫും സ്ഥലം സഭകൾക്ക് എത്രയോ അനുഗ്രഹപ്രദമായിട്ടുണ്ട്. 70 പതുകളുടെ ഒടുവിലും 80പതുകളിലും നമ്മുടെ മക്കൾ അനവധി കലാശാലകളിൽ പഠനത്തിന്റെ പുതിയ മേഖലകളിലേക്കും, ഹോസ്റ്റലുകളിൽ താമസിക്കാനും പോയപ്പോൾ സാമൂഹ്യ വിപത്തായ മദ്യം, മയക്കുമരുന്നുകൾ മറ്റു പുതിയ പാപവഴികൾ ഇവയെ അഭിമുഖീകരിക്കേണ്ടി വന്നു. അനേക മാതാപിതാക്കൾ ഇതേപ്പറ്റി ഭാരപ്പെടുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇ.യു തുടങ്ങിയ ആത്മിക പ്രവർത്തനങ്ങൾ കാമ്പസുകളിൽ അവിടവിടെയായി ഉണ്ടായിരുന്നെങ്കിലും നമ്മുടെ കുട്ടികൾ പലരും അതിലൊന്നും പോയിരുന്നില്ല. ഈ സമയത്താണ് മറ്റുവേദികളിൽ പഠിപ്പിക്കാൻ കഴിയാതെ പോയതും കാമ്പസുകളിൽ വിജയകരമായി ജീവിക്കുന്നതിനാവശ്യമായതുമായ വിഷയങ്ങൾ പഠിപ്പിച്ച് നമ്മുടെ കുട്ടികളെ പരിശീലിപ്പിക്കുവാൻ 1989ൽ എസ്. എസ്. എൽ ക്യാമ്പ്, കോളജ് സ്റ്റുഡൻസ് ക്യാമ്പ് തുടങ്ങിയ അനേക ക്യാമ്പുകളും പിന്നീട് ടീൻസ് ക്യാമ്പും മറ്റും ആരംഭിച്ചത്. ഇന്ന് നിത്യതയിൽ വിശ്രമിക്കുന്നവരുൾപ്പെടെയുള്ള സീനിയർ ദൈവദാസന്മാരുടെ അറിവോടും സാന്നിദ്ധ്യത്തോടുമാണ് ഇവ തുടങ്ങിയത്. നമ്മുടെ മദ്ധ്യത്തിലുള്ള എല്ലാ സംഘടിത പ്രവർത്തനങ്ങളുടെയും ഭാരവാഹികളെയും ഒരുമിച്ചു തിരുവല്ലായിൽ കൂട്ടിയാണ് ഇത്തരം ക്യാമ്പുകളെപ്പറ്റിയുള്ള തീരുമാനം ആദ്യമായി എടുത്തത്. സാക്ഷ്യമുള്ളവരും യുവജ്ജനങ്ങളോട് ഇടപെടുവാൻ ഹൃദയഭാരമുള്ളവരുമായ എല്ലാവർക്കും ശുശ്രൂഷയിൽ അവസരം നൽകുന്നു. ഇതിനായുള്ള ട്രെയിനിംഗ് ലഭിച്ചവർ മറ്റു പ്രവർത്തനങ്ങളിലും പ്രയോജനപ്പെടുന്നു.

പണമില്ലാത്തവർക്കും വരത്തക്കവണ്ണം ക്യാമ്പുകളിൽ കുട്ടികൾക്ക് നിർബന്ധ ഫീസ് വേണ്ടെന്ന് വച്ചതും ഫെയിത്ത് ബോക്സ് എന്നാൽ സ്വമേധയാ പ്രാപ്തിപോലെയും പ്രാപ്തിക്കുമീതെയും കൊടുക്കണമെന്ന് പഠിപ്പിച്ചതും പൂർണ്ണ സമയം പങ്കെടുക്കണമെന്ന നിബന്ധന വച്ചതും വർഷങ്ങൾ കഴിഞ്ഞപ്പോൾ വ്യാപകമായി അംഗീകരിക്കപ്പെട്ടു കാണുന്നതിൽ തികഞ്ഞ സന്തോഷമുണ്ട്.

ശാന്ത സമയം (ക്വയറ്റ് ടൈം) ദിവസവും എടുക്കണമെന്നും മാതാപിതാക്കളെ അനുസരിക്കണം, ബഹുമാനിക്കണം, കടപ്പാടുകൾ നിർവഹിക്കണം എന്നും ദൈവഹിതം മനസ്സിലാക്കി മാത്രമേ വിവാഹം, പഠനം തുടങ്ങിയവ ഉൾപ്പെടെ എല്ലാം തീരുമാനിക്കാവൂ എന്നും ക്യാമ്പസുകളിൽ സാക്ഷ്യം പുലർത്തണമെന്നും സ്ഥലം സഭയിൽ മൂപ്പൻമാർക്ക് കീഴടങ്ങിയിരിക്കണമെന്നും, കൃപാവരങ്ങൾ ജ്വലിപ്പിച്ച് തങ്ങളുടെ പങ്കു നിർവഹിക്കണമെന്നും എല്ലാം പറഞ്ഞു കൊടുത്തത് ദൈവവചനപ്രകാരമാണ്. ശിഷ്യത്വ ജീവിതത്തിന്റെ മറ്റു കാര്യങ്ങൾ പറയുന്നതിനും ഭാരത മിഷൻ ഫീൽഡുകളിലെ ആവശ്യങ്ങളെപ്പറ്റി അറിയിക്കാനുമായി മിഷനറി ചലഞ്ച് കോൺഫറൻസുകൾ വ്യാപകമായി നടന്നതും എത്രയും പ്രയോജനപ്പെട്ടു. ഇവിടെ വല്ലപ്പോഴും! ഇംഗ്ലണ്ടിലും മറ്റും തുടർച്ചയായി ബ്രദറൻ പ്രസ്ഥാനം ആരംഭിച്ചപ്പോൾ മുതൽ നടക്കുന്നു. അടുത്ത സമയം ഷാർജയിലെ ഒരു സഭ സ്വന്തമായി മിഷൻ ചലഞ്ച് നടത്തി ഫലം കണ്ടപ്പോൾ നാമെല്ലാം സന്തോഷിച്ചു.

മുകളിൽപറഞ്ഞ ഏതിലെങ്കിലും തെറ്റായ ഉപദേശം പഠിപ്പിച്ചിട്ടില്ല എന്ന് പങ്കെടുത്തവരും നന്മ അനുഭവിച്ചവരുമായ ആയിരക്കണക്കിനാളുകളോട് ചോദിച്ചാൽ മനസ്സിലാകും. രൂപാന്തരം വന്ന ജീവിതങ്ങളാണ് ഈ ശുശ്രൂഷയുടെ പരസ്യം.

ഇൻഡ്യയിലും അമേരിക്കയിലും എന്നുവേണ്ട ലോകമെങ്ങും ബ്രദ്റൻ കോൺഫറൻസുകൾ നടക്കുമ്പോൾ ചെയ്തുവരുന്നതുപോലെയുള്ള പ്രോഗ്രാമുകൾ മാത്രമേ ഇവിടെയെല്ലാം നടന്നിട്ടുള്ളു. കൺവൻഷനുകളിലും മറ്റും ചെയ്യുന്നതുപോലെ ഞായറാഴ്ചകൾ ഉൾപ്പെട്ടാൽ കർത്തൃമേശയും ആചരിക്കും. ഈ വരികൾ കുറിക്കുമ്പോൾ സെക്കണ്ടറാബാദിൽ ജി.എഫ്.റ്റി.ഐയുടെ കോൺഫറൻസ് ഒ.എം.ക്യാമ്പ് സെന്ററിൽ നടക്കുകയാണ്. ഞായറാഴ്ച കർത്തൃ മേശയും ഉണ്ടാവും. ഗൾഫിലും മറ്റും വെള്ളിയാഴ്ചകളിൽ കർത്തൃമേശ ആചരിക്കുന്നുണ്ട്. നമ്മുടെ പിതാക്കന്മാർ ചേർത്തല ടി.ബി ഉൾപ്പെടെ പല സ്ഥലങ്ങളിലും ചരൽകുന്നിൽ വെള്ളിയാഴ്ചയും കർത്തൃമേശ ആചരിച്ചിട്ടുണ്ട്. അതിൽ ഒരു തെറ്റുമില്ല. ഏതായാലും യുവജന ക്യാമ്പുകളിൽ ഇതേവരെ ഞായറാഴ്ച മാത്രമേ കർത്തൃമേശ ആചരിച്ചിട്ടുള്ളു.

കേരളത്തിലൊരിടത്തും ഇതേവരെയായി നമ്മുടെ മദ്ധ്യത്തിൽ എങ്ങും തന്നെ മരണത്തിന് ആരാധന നടന്നിട്ടില്ല. നമ്മുടെ പ്രീയപ്പെട്ടവരുടെ ജീവിതം ഓർത്ത് ഹല്ലേലൂയ്യാ പറയാം എന്നും സ്തോത്രം ചെയ്യാമെന്നും സ്തുതിക്കാമെന്നും അല്ലേ സംസ്ക്കാര സമ

ശേഷം 2-ാം പേജിൽ

### ചത്തീസ്ഗഡിലെ ജീവൻ ജ്യോതി

## ഇർപ്പനാറിന്റെ ഇരുട്ടു മാറ്റാൻ

ചത്തീസ്ഗഡ് സംസ്ഥാനത്തെ പക്കാഞ്ചോറിൽ നിന്നും 45 കി. മീ. അകലെയുള്ള ഇർപ്പനാർ ഗ്രാമത്തിൽ 2002ൽ ഒരാൾ ഒരു വർഷത്തേക്ക് സൗജന്യമായി നൽകിയ ചെറിയ ഷെഡ്ഡിൽ ആരംഭിച്ച ജീവൻ ജ്യോതി സ്കൂൾ ഇന്ന് ഗ്രാമത്തിന് രൂപാന്തരം വരുത്തിക്കൊണ്ടിരിക്കുന്നു. സഹോദരൻ സാംസൺ നൈനാനോടൊപ്പം 1994ൽ ലാൻസി എന്ന കോഴഞ്ചേരിക്കാരൻ തോമസ് ജോസഫ് പക്കാഞ്ചോറിലെത്തി. ഭിലായ് സഭ കമന്റ് ചെയ്ത ഈ സഹോദരന്മാരുടെ പ്രവർത്തനം മൂലം പക്കാഞ്ചോർ സഭയും ആശാകിരൺ ആശുപത്രിയും സ്ഥാപിക്കപ്പെട്ടു. ആശുപത്രി പ്രവർത്തനം താല്ക്കാലികമായി നിർത്തിവെച്ച 2001ൽ പുതിയൊരു മേഖലയിലേക്ക് നീങ്ങാൻ സഹോദരൻ ലാൻസിയും കുടുംബവും പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ആ വർഷം തന്നെ കുറെനാർ ഗ്രാമത്തിൽ കൂടിവരവും തുടങ്ങി. പക്കാഞ്ചോർ - ഭിലായ് സഭകളുടെ സഹകരണത്തിലാണ് ഇവിടെയും പ്രവർത്തനമാരംഭിച്ചത്. 2002ൽ അടുത്തുള്ള ഇർപ്പനാർ ഗ്രാമത്തിൽ കിന്റർഗാർട്ടൻ ക്ലാസ്സുകൾ ആരംഭിച്ചതോടെ 'ജീവൻ ജ്യോതിക്ക്' തുടക്കമായി. 2 വർഷം കഴിഞ്ഞ് സ്കൂളിനായി ഏതാണ്ട് 9 ഏക്കറോളം സ്ഥലം വാങ്ങി. മണ്ണു കൊണ്ടുള്ള ഷെഡ് ഉണ്ടാക്കിയാണ് പിന്നീട് സ്കൂൾ പ്രവർത്തിച്ചത്. സ്കൂൾ കാണാൻ വന്ന ഒരു സഹോദരൻ സിമന്റ് കൊണ്ട് 2 മുറികൾ നിർമ്മിക്കാൻ സഹായിച്ചു. തകരം കൊണ്ടുള്ള മേൽക്കൂരയിട്ട മറ്റൊരു മുറിയും ഉണ്ടാക്കിയെങ്കിലും കാറ്റിൽ മേൽക്കൂര പറന്നു പോയി. കുട്ടികൾ ഉൾപ്പടെ എല്ലാവരുടെയും പ്രാർത്ഥനയുടെ ഫലമായി 6 മുറികൾ ഉണ്ടാക്കാൻ ദൈവം വഴികൾ ഒരുക്കി. പണി പൂർത്തിയായി വരുന്നു. ഹോസ്റ്റലിനായി പിൽക്കാലത്ത് ഉപയോഗിക്കുവാൻ വേണ്ടിയുള്ള ഈ മുറികൾ ക്ലാസ്സ് റൂമുകൾ ആകാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. എന്നാൽ സ്ഥിരമായി സ്കൂൾ കെട്ടിടങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഈ വർഷം 6-ാം ക്ലാസ്സ് തുടങ്ങി. ചത്തീസ്ഗഡ് സ്റ്റേറ്റ് ബോർഡ് സിലബസിൽ ഗവ. അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സ്കൂളിൽ 110 ഓളം കുട്ടികൾ ഉണ്ട്. പരിമിതികളുടെയും അന്ധകാരത്തിന്റെയും ഗ്രാമമാണെങ്കിലും സ്കൂൾ സ്റ്റാഫായി ഇപ്പോൾ 7 പേരുണ്ട്. കറന്റ് ഉണ്ടെങ്കിലും ചിലപ്പോൾ ലഭിക്കില്ല. ടെലിഫോൺ വല്ലപ്പോഴും പ്രവർത്തിക്കും.



പുതിയ കെട്ടിടം



ലാൻസിയും കുടുംബവും

ഹെഡ്മിസ്ട്രസായി ലാൻസിയുടെ ഭാര്യ റീന തോമസ് പ്രവർത്തിക്കുന്നു. ഡൽഹി ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ബി.എസ്.സി. നേഴ്സിംഗ് പാസ്സായ റീന സ്കൂളിനു വേണ്ടി 1 വർഷം കൊണ്ട് ഭിലായിൽ നിന്നും ബി.എഡ്. പാസ്സായി. ടീച്ചേഴ്സിലൊരാൾ പല സൗകര്യങ്ങളും ഉപേക്ഷിച്ച സുരാൻജല സാമൽ എന്ന ബോംബെക്കാരി സഹോദരിയാണ്. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരാണ് മറ്റുള്ളവർ.

സഹോദരന്മാരായ ഡോ. സ്റ്റാൻലി ജോൺ, ഷാലു റ്റി. നൈനാൻ, തോമസ് ജോസഫ്, വിൽസൻ മാമ്മൻ, കെ.ജെ. തോമസ്, സാമുവൽ ജോർജ്ജ്, ഡോ. ഫിലിപ്പ്, നെൽസൻ തുടങ്ങിയവർ അംഗങ്ങളായ ട്രസ്റ്റാണ് ചുമതലകൾ നിർവഹിക്കുന്നത്.

സ്കൂൾ ഫീസ് വളരെ കുറവാണ്. അതുകൊണ്ട് ഫീസിൽ നിന്നും കാര്യമായ വരുമാനമില്ല. ഏറ്റവും അടുത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂൾ 25 കി. മീ. അകലെയുള്ള കത്തോലിക്ക സ്കൂളാണ്. ഇപ്പോൾ ഹോസ്റ്റലിൽ ദൂരെ നിന്നുള്ള ഗ്രാമങ്ങളിൽ നിന്നുള്ള 12 കുട്ടികൾ താമസിക്കുന്നുണ്ട്. കുട്ടികളെ ഹോസ്റ്റലിൽ താമസിപ്പിച്ചാൽ

ശേഷം 3-ാം പേജിൽ

## ആന്ധ്രയിൽ 'ചലഞ്ച്' തുടരുന്നു



ജോർജ്ജ് ഡോസൻ, ബാബു വർഗ്ഗീസ്, ജോൺസൺ ബേബി, എം.ഇമ്മാനുവേൽ, എൻ. ആനന്തറാവു, സാം ബോബ്, സാംസൺ നൈനാൻ

ഒക്ടോബർ 6 തിങ്കൾ രാവിലെ വിജയവാഡയിലെ ഗുണതല ബിഷപ്പ് ഗ്രാസ്സി ഹൈസ്ക്കൂളിൽ മിഷനറി ചലഞ്ച് കോൺഫറൻസ്സിന്റെ ഫോളോ അപ്പ് ക്യാമ്പ് ആരംഭിച്ചപ്പോൾ ആന്ധ്രയിലുടനീളം മിഷനറി ദൗത്യത്തിന്റെ വേലിയേറ്റം ഉണ്ടാകുന്നതിന്റെ വ്യക്തമായ തെളിവായി അത് മാറി. യുവജനങ്ങളുടെ സാന്നിദ്ധ്യം പ്രതീക്ഷയ്ക്കു വക നൽകി. 200 പേർക്കു വേണ്ടി ക്രമീകരിച്ച പ്രോഗ്രാമിൽ 400 ഓളം പേർ സജീവമായി പങ്കെടുത്തു. 2006ൽ ഡൽഹിയിൽ നടന്ന നാഷനൽ കോൺഫറൻസ്സിന്റെ ഫോളോ അപ്പ് ആയിരുന്നെങ്കിലും മറ്റൊരു മിനി കോൺഫറൻസ്സിന്റെ പ്രതീതിയുളവാക്കി. ആന്ധ്രയിലുടനീളമുള്ള സഭകളിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. സഹോദരന്മാരായ ജോർജ്ജ് ഡോസൻ, ഡോ. ബാബു വർഗീസ്, സാംസൺ നൈനാൻ, ജോൺസൻ ബേബി തുടങ്ങിയവരും ആന്ധ്രയിലെ സീനിയർ സഹോദരന്മാരായ സാം ബോബ്, എൻ. ആനന്ദറാവു, എം. ഇമ്മാനുവൽ, പി. വിൽസൻ, ജി. ദേവസഹായം തുടങ്ങിയവരും വിവിധ ശുശ്രൂഷകൾ നിർവഹിച്ചു. കെ. തോമസ് മാത്യു, എ.ജി. ജേക്കബ്, എസ്. ജോസഫ് തുടങ്ങിയവർ ക്രമീകരണങ്ങളുടെ ചുമതല ഏറ്റെടുത്തു. ആന്ധ്രയിൽ നിന്നും വിവിധ മിഷൻ ഫീൽഡുകളിലേക്ക് പോയിട്ടുള്ളവരുടെ സാക്ഷ്യം മറ്റുള്ളവർക്ക് പ്രചോദനം ഏകി. സന്തോഷ് ജുപാക്കാ (ഭൂട്ടാൻ), എസ്. രവികുമാർ (ആസ്സാം), പി. എബ്രഹാം (മണിപൂർ), എസ്. രമേശ് (ഇരിഞ്ഞാലക്കുട), വിദ്യാസാഗർ (ഹരിയാന), സ്വാമിദാസ് എന്നിവരും സാംസൻ നൈനാനും തങ്ങളുടെ അനുഭവ

ശേഷം 3-ാം പേജിൽ

# യോശുവമാരെ ആവശ്യമുണ്ട്

**– മാത്യു പോൾ കോയമ്പത്തൂർ**



യിസ്രായേൽ മക്കളെ മിസ്രയീമിൽ നിന്ന് കനാനിൽ എത്തിക്കുവാൻ ദൈവം നിയോഗിച്ചത് മോശെയാണ്. രണ്ടു പ്രാവശ്യം നാൽപതു ദിവസം വീതമുള്ള രണ്ട് ഉപവാസമെടുത്ത മോശെ ലോകത്തിലെ ഏറ്റവും സൗമ്യനായിട്ടാണ് വേദപുസ്തകം രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ മോശെയ്ക്ക് സാധിക്കാത്തത് യോശുവയ്ക്ക് സാധിച്ചു. അതിന്റെ രഹസ്യം നാം മനസിലാക്കണമെങ്കിൽ യോശുവയുടെ ചരിത്രത്തിലേക്ക് നോക്കണം.

യോശുവ എന്ന പേരിന്റെ അർത്ഥം "യഹോവ രക്ഷിക്കുന്നവൻ" എന്നാണ്. നൂന്റെ മകനായ ഹോശേയ്ക്കു യോശുവ എന്ന് പേരു നൽകിയത് മോശെയാണ്. (സംഖ്യ 13:16). അമാലേക്കിനോട് യുദ്ധം ചെയ്യുവാൻ യോശുവയെ പറഞ്ഞയക്കുന്ന ഭാഗത്താണ് യോശുവയെ നാം ആദ്യം കാണുന്നത് (പുറപ്പാട് 17:9) മോശെയുടെ ഒരു പങ്കാളിയായിട്ട്. നമ്മുടെ മദ്ധ്യത്തിലെ കർതൃദാസന്മാർക്ക് ഇതു പോലുള്ള പങ്കാളികളെ ആവശ്യമുണ്ട്. പ്രാർത്ഥനയിൽ ജാഗരിക്കുവാൻ. മുന്നിൽ യുദ്ധം ചെയ്യുന്ന ഒരു പടയാളിയുടെ പുറകിൽ പ്രവർത്തിക്കുവാൻ ചിലരെ ആവശ്യമാണ്. അങ്ങനെ പുറകിൽ പ്രവർത്തിക്കുവാൻ ആളില്ലായെങ്കിൽ മുന്നിൽ നിൽക്കുന്നയാൾ ക്ഷീണിച്ചു പോകും. ദൈവത്തിന്റെ മുമ്പാകെ മുന്നിൽ നിൽക്കുന്നയാളും പിന്നിൽ നിൽക്കുന്നവരും ഒരു പോലെയാണ്. ദാവീദ് പ്രതിഫലം പങ്കിടുന്ന നിയമാവലി ഉണ്ടാക്കിയപ്പോൾ (1 ശമു. 30:24) അക്കാര്യം വളരെ വ്യക്തമായിട്ട് പറയുന്നുണ്ട്.

സുവിശേഷക പ്രസംഗകനായിരുന്ന സഹോ. ചാൾസ് ഫിന്നി പോയിരുന്ന സ്ഥലത്തെല്ലാം ഒരു പ്രത്യേക ദൈവീക സാന്നിധ്യം അനുഭവിച്ചിരുന്നു. അതിനു കാരണം നാഷ് എന്ന വികലാംഗനായ ഒരു ബാലന്റെ നിരന്തരമായ പ്രാർത്ഥനയായിരുന്നു എന്ന് ഫിന്നി പറഞ്ഞിട്ടുണ്ട്.

ഇതു പോലെ മോശെയുടെ ഒരു ശുശ്രൂഷകനായിട്ടാണ് യോശുവയെ നാം കാണുന്നത് (പുറപ്പാട് 24:13). പാളയത്തിനു പുറത്ത് കുഷ്ടരോഗികളാണ് താമസിക്കുന്നത്. അവിടെ മോശെ സമാഗമന കൂടാരം അടിച്ചു. (പുറപ്പാട് 33:7:11). മറ്റുള്ളവർ താന്താന്റെ കൂടാരത്തിൽ ഇരുന്നപ്പോൾ യോശുവ മാത്രം സമാഗമന കൂടാരത്തെ വിട്ടു മാറാതെയിരുന്നു. ദൈവത്തിന്റെ രഹസ്യം കേൾക്കണമെങ്കിൽ അവനോട് ചേർന്നിരിക്കണം. ഉസിയാരാജാവിന് ഏറ്റവും അടുത്ത ആളായിരുന്നു യെശയ്യവ്. എന്നാൽ ഉസിയാവിന്റെ മകൻ മനശ്ശെ യെശയ്യാവിനെ മാറ്റി നിർത്തിയപ്പോൾ താൻ മരുഭൂമിയിൽ കഷ്ടത്തിലാപ്പോൾ ദൈവത്തിന്റെ പാട്ടുകൾ കേട്ടു. യേശുവിനെ കുറിച്ചുള്ള പ്രവചനം അവിടെ കാണുന്നുണ്ട്. (യോഹന്നാൻ 12: 38–41) ഇതുപോലെ ദൈവത്തിന്റെ അരുളപ്പാടുകൾ കേൾക്കണമെങ്കിൽ പാളയത്തിനു പുറത്ത്, കഷ്ടത നിറഞ്ഞയിടത്ത് കൂടാരത്തെ വിട്ടുമാറാതെയിരിക്കണം. തിരക്കു പിടിച്ചു നടക്കുന്നവനോട് രഹസ്യം പറയുവാൻ സാധിക്കില്ല. ഏകനായി പാളയത്തിനു പുറത്തേക്ക് പോകുക.

ലൂക്കോസ് 10–ൽ മർത്തയുടെയും മറിയയുടെയും കാര്യം നോക്കുക. മറിയ അവന്റെ അടുത്തിരുന്നു ശുശ്രൂഷിച്ചു. മാർത്ത തിരക്കു പിടിച്ചു നടന്നു. ഈ സംഭവത്തോട് കർത്താവ് പ്രതികരിച്ചത് "എന്നാൽ അല്പമേ വേണ്ടു; അല്ല, ഒന്നുമതി" എന്നാണ്. കർത്താവ് പറഞ്ഞ ഈ അല്പവും, ഒന്നും മതി എന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? എങ്കിൽ നിങ്ങൾ യോശുവയായി മാറുവാൻ തുടങ്ങുകയാണ്. ഏലിയാവിന്റെ ശിഷ്യനായിരുന്ന എലീശാ ഏലിയാവിനെക്കാൾ കൂടുതൽ അത്ഭുദങ്ങൾ ചെയ്തു. ഇതിനു കാരണം, "ഏലിയാവിനെക്കാൾ ഇരട്ടി ആത്മാവ് ലഭിക്കണം എന്ന ഒറ്റ ആഗ്രഹമേ എലീശയ്ക്കുണ്ടായിരുന്നുള്ളു എന്നതാണ്."

നമ്മെ വിളിച്ചിരിക്കുന്ന വേല ഇന്നതെന്ന് ഗ്രഹിക്കണമെങ്കിൽ ദൈവത്തെ വിട്ടുമാറാതിരിക്കണം. യോശുവയെ കുറിച്ച് നാം കാണുന്ന മറ്റൊരു കാര്യം അവൻ ദൈവത്തിന് അകമ്പടി നിന്നു എന്നാണ്. എന്നു പറഞ്ഞാൽ 'ദൈവത്തെ വിട്ടു മാറാൻ ഞാനില്ല' എന്ന മനോഭാവം. ഇന്ന് നാമെങ്ങനെയാണ്.

സഭയെ ശുശ്രൂഷിക്കുക എന്നാണ് ഒന്നാമത്തെ കാര്യം. വിശ്വാസികളെയും, മറ്റുള്ളവരെയും ശുശ്രൂഷിക്കുക എന്നത് രണ്ടാമത്തെയും, മൂന്നാമത്തെയും കാര്യങ്ങളാണ്. അപ്പൊ. പ്രവൃത്തികൾ 13 : 2–ൽ അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും..... എന്നു പറയുന്നുണ്ട്. മലയാളത്തിൽ ആരാധിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ അതിന്റെ മൂല ഭാഷ 'ശുശ്രൂഷിച്ചു' എന്നതാണ്. അർത്ഥാൽ ഉപവാസത്തോടെ ശുശ്രൂഷിച്ചു കൊണ്ടിരിക്കുമ്പോൾ എന്നാണ്. അങ്ങനെ ഇരുന്നപ്പോഴാണ് ബർണബാസിനെക്കുറിച്ചും, ശൗലിനെക്കുറിച്ചുമുള്ള പരിശുദ്ധാത്മാവിന്റെ വെളിപ്പെടുത്തലുകൾ ഉണ്ടായത്. (അപ്പൊ. 13:2). ദൈവത്തിന്റെ രഹസ്യത്തിനായി കാതോർത്ത് അവന് അകമ്പടിയായി നിൽക്കുക.

യോശുവയുടെ മറ്റൊരു വശം പ്രശ്നങ്ങളെ നോക്കി കണ്ടവിധമായിരുന്നു. താൻ കനാൻ ഒറ്റു നോക്കുവാൻ പോയ പന്ത്രണ്ടു പേരിൽ ഒരാളായിരുന്നു. ഒറ്റു നോക്കി മടങ്ങി വന്നവരിൽ കാലേബും യോശുവയും ഒഴിച്ച് മറ്റുള്ളവരെല്ലാം നിരാശ നിറഞ്ഞ രീതിയിലാണ് മടങ്ങിവന്ന് പ്രതികരിച്ചത്. എന്നാൽ യോശുവയുടെ വാക്കുകൾ നോക്കുക. 'അനാക്യർ നമുക്ക് ആഹാരമാകുന്നു' പ്രശ്നങ്ങളെ ആഹാരമായി കണ്ടു. എന്നാൽ ഈ വാക്കുകൾക്കു ശേഷം അവരുടെ സമൂഹം അവരെ കല്ലെറിയുവാൻ തുനിഞ്ഞു. ഇന്നും സ്ഥിതി മറിച്ചല്ല, പ്രശ്നങ്ങളെ ആഹാരമാക്കുന്നവർ കല്ലെറിയപ്പെടുകയാണ്. എന്നാൽ യോശുവ അതും തരണം ചെയ്തു. നമുക്കു അതിനു കഴിയണം.

ദൈവത്തോടുള്ള യോശുവയുടെ അടുപ്പം മുഖാന്തരം ദൈവം തന്റെ വാക്കു കേട്ട് അനുസരിച്ചു എന്നതാണ്. അതായത് ദൈവം യോശുവയെ ആദരിച്ചു എന്ന്. (യോശുവ 10:14) ദൈവവുമായി അടുത്തിരിക്കുന്നവർക്ക് ദൈവത്തിന്റെ ഒരു വാഗ്ദത്തമാണ് നീ പറഞ്ഞ ഈ വാക്കുപോലെ ഞാൻ ചെയ്യും എന്നത് (പുറപ്പാട് 33:17) അവൻ ഇന്നലെയും ഇന്നും എന്നും അനന്യൻ. നാം അവനോട് അടുത്തിരിക്കുന്നവോ അവൻ തന്റെ രഹസ്യത്തെ വെളിപ്പെടുത്തും. യോശുവയെപ്പോലെ ഒരു ശുശ്രൂഷകനായ് ദൈവത്തിന്റെ കൂടാരത്തിൽ നിന്ന് മാറാതെ അവന് കാതോർത്തു നിൽക്കുമെങ്കിൽ യോശുവമാർ ഇനിയും ഉണ്ടാകും!

*1–ാം പേജിൽ നിന്ന് തുടർച്ച*

# ...ദൈവജനം അറിയുന്നതിന്

യത്ത് മിക്കവാറും എല്ലാവരും പറയാറുള്ളത്. മരണം ദുഃഖകരമാണെങ്കിലും ഉയർപ്പിന്റെ പ്രത്യാശ നമുക്കുള്ളതിനാൽ ദൈവത്തെ സ്തുതിക്കാം. അടുത്തയിടെ തന്റെ ബന്ധുവിന്റെ സംസ്കാര സമയത്ത്, നമ്മുടെ ഇടയിൽ ആദരണീയനായ ഒരു മാന്യസഹോദരൻ പറഞ്ഞു 'ഫ്യൂണറൽ എന്നല്ല പ്രീയപ്പെട്ടവന്റെ വീട്ടിലേക്കുള്ള വരവിന്റെ ആഘോഷം' എന്നായിരുന്നു അച്ചടിക്കേണ്ടിയിരുന്നത് എന്നാണ്. ഏതായാലും കർത്തൃമേശ വച്ചോ അല്ലാതയോ കേരളത്തിൽ ഒരു ശവമടക്ക് ആരാധനയും നമ്മുടെയിടയിൽ (മറ്റുള്ളിടത്തെ കാര്യം അറിയില്ല) നടന്നിട്ടില്ല എന്ന് സംശയരഹിതമായി അറിയിക്കുന്നു.

വിവാഹ ശുശ്രൂഷകൾക്ക് ആരാധനാ ഗീതങ്ങൾ പാടുന്നതും പ്രാരംഭസമയത്ത് ദൈവത്തെ സ്തുതിക്കുന്നതും എവിടെയാണ് ഇല്ലാത്തത്? അതിനെല്ലാം വിവാഹ ആരാധനയെന്ന് പറയേണ്ട ആവശ്യമില്ല. ഇതെല്ലാം സഭകളുടെ ചുമതലയിലും ഒക്കെ നടക്കുന്നതുമാണ്. ഇതിന്റെയെല്ലാം പേരിൽ യുവജനങ്ങൾക്കുവേണ്ടി നടക്കുന്ന നല്ല കാര്യങ്ങളെ തളർത്താൻ പിശാചിന്റെ കെണിയിൽപെട്ടു നാം വലഞ്ഞു പോകരുത്.

മുകളിൽ പറഞ്ഞ യുവജന ക്യാമ്പുകളിൽ എവിടെയെങ്കിലും ദുരുപദേശം പഠിപ്പിച്ചു എന്ന് തെളിയിച്ചാൽ മാപ്പുപറയാനും ഏതു തിരുത്തൽ നടത്താനും തയ്യാറുമാണ്. (നാളിതുവരെ ആരും ഒന്നും പറഞ്ഞിട്ടില്ല) എന്തെങ്കിലും സാക്ഷ്യക്കേടോ തെറ്റോ ഉണ്ടെങ്കിൽ ബന്ധപ്പെട്ട ആരോടെങ്കിലും ഫോണിലോ നേരിലോ ചോദിക്കാൻ ലോകമെങ്ങുമുള്ള ദൈവമക്കൾക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. പ്രിയരെ, അന്യോന്യം ബഹുമാനിക്കാതെയും ദൈവഭയത്തിൽ അല്ലാതെയും ഉള്ള പ്രസംഗങ്ങളോ, എഴുത്തോ, സംവാദങ്ങളോ നമുക്കു ചേർന്നതല്ല. യൂറോപ്പിലും മറ്റും സംഭവിച്ചതുപോലെ അടുത്ത തലമുറയെ നഷ്ടപ്പെടാതിരിക്കാൻ വേണ്ടതു നമുക്കു ചെയ്യാം. ഒരു കാര്യം കൂടി വിനയപൂർവ്വം പറയട്ടെ. ആരെങ്കിലും ആക്ഷേപിക്കുകയോ, കുറ്റം പറയുകയോ, മോശമായി എഴുതുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവരോട് യാതൊരു പകയോ, വിദ്വേഷമോ, പിണക്കമോ ഇല്ലാതെ അവർക്കായി എല്ലാവരും പ്രാർത്ഥിക്കയാണ് വേണ്ടത്. രക്ഷിക്കപ്പെട്ടവർ എല്ലാവരും ഒരു പിതാവിന്റെ മക്കൾ ആണല്ലോ. അന്യോന്യം സ്നേഹിക്കുന്നതിനും ഒരുമിച്ച് സഹകരിക്കാവുന്ന കാര്യങ്ങളിൽ സഹകരിക്കുന്നതിനും ദൈവനാമം മഹത്വപ്പെടുന്നതിനും ഇടയാകട്ടെ എന്ന പ്രാർത്ഥനയോടെ

*– എഡിറ്റർ ഇൻ ചാർജ്ജ്*

## യോഗങ്ങൾ

❖ ഭോപ്പാൽ ബ്രദ്റൻ അസംബ്ലി കൺവെൻഷൻ ഒക്ടോബർ 30 മുതൽ നവംബർ 2 വരെ.

❖ ഡൽഹി എബനേസർ ബ്രദ്റൻ സഭാ ഹാളിൽ വെച്ച് ഒക്ടോബർ 31 മുതൽ നവംബർ 2 വരെ പ്രത്യേക യോഗങ്ങൾ.

❖ ബാംഗ്ലൂർ – ബാംഗ്ലൂർ ക്ലാരൻസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നവംബർ 6 മുതൽ 9 വരെ യോഗങ്ങൾ.

❖ ഭോപ്പാൽ – നവംബർ 13 മുതൽ 15 വരെ ഭോപ്പാൽ ക്രിസ്റ്റ്യൻ അസംബ്ലി ഹാളിൽ വെച്ച് യോഗങ്ങൾ.

❖ യു.എ.ഇ. പൊതു കൂട്ടായ്മ – ഷാർജ ബ്രദ്റൻ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ യൂണിയൻ ചർച്ച് ഹാളിൽ വെച്ച് ഡിസംബർ 2ന് യു.എ.ഇയിലെ മലയാളി ബ്രദ്റൻ സഭാ കൂട്ടായ്മ.

❖ ദിവ്യ സന്ദേശം – തൃശൂർ നെല്ലിക്കുന്ന് കുറയിൽ വെച്ച് ഡിസംബർ 4 മുതൽ 7 വരെ. 'ദിവ്യ സന്ദേശം' എന്ന പേരിൽ സുവിശേഷ യോഗങ്ങൾ നടക്കുന്നു. അതിനോടനുബന്ധിച്ച് കുറയിൽ നടന്നു വരുന്ന ചിൽഡ്രൻസ് ക്ലബ്ബിന്റെ ആനിവേഴ്സറിയും നടക്കും.

## ചിൽഡ്രൻസ് ക്ലബ്ബ്

"ഞാൻ ഒരു പൂന്തോട്ടം ഉണ്ടാക്കാൻ പോകയാണ്" സുനി തന്റെ അനിയത്തി മിനിയോട് പറഞ്ഞു. എന്നിട്ടവൾ പിറുപിറുത്തു "ഹേയ്, നീ നഖം പിന്നെയും കടിക്കുന്നോ? മിനി, എനിക്കിതു സഹിക്കത്തില്ല കേട്ടോ'' സുനി എപ്പോഴും മിനിയുടെ കുറ്റം കണ്ടു പിടിക്കാൻ പുറകെയുണ്ട്.

സുനിയുടെ പൂന്തോട്ടത്തിൽ പുതിയ ചെടികൾ വളർന്നു വന്നു. പക്ഷേ കളകളും ഇടയ്ക്കു വളരാൻ തുടങ്ങി. ഒരു ദിവസം അവളുടെ ആന്റി മറിയം വന്നപ്പോൾ തോട്ടം കാണിച്ചു കൊണ്ട് അവൾ പരാതിപ്പെട്ടു. "ഈ ആവശ്യമില്ലാത്ത കളകൾ (പാഴ്ചെടികൾ, കാട്ടുപുല്ല്) ചെടികളെക്കാൾ വേഗത്തി



ലാണ് വളരുന്നത്" മറിയം ആന്റി പറഞ്ഞു. "പക്ഷേ പൂക്കൾ നല്ല മനോഹരമായിരിക്കുന്നു. നോക്കൂ നിന്റെ മുല്ലച്ചെടി നിറയെ മൊട്ടുകൾ!''



## നിങ്ങൾ എന്തു കാണുന്നു?

ശരിയാ പക്ഷേ അതിനടുത്തു വളരുന്ന കളകൾ കണ്ടോ? സുനി പരാതിപ്പെട്ടു. തൊട്ടു പുറകിൽ നിൽക്കുന്ന മിനിയോട് "ഏയ് നീ ചെടിയെ ചവിട്ടരുത് കേട്ടോ!" മിനി പതിയെ വീട്ടിനകത്തേക്കു കയറിയപ്പോൾ തോട്ടത്തിലേക്കു നോക്കി ആന്റിയോട് വീണ്ടും സുനി "ഞാനീ കളകളെ വെറുക്കുന്നു."

മറിയം ആന്റി പറഞ്ഞു. "എനിക്കതു മനസ്സിലായി. പക്ഷെ നീ ഓരോ കളകളെയും കണ്ട് ദേഷ്യപ്പെടുന്നതു കൊണ്ട് നല്ല ചെടികൾ ആസ്വദിക്കാൻ കഴിയാതെ പോകുന്നല്ലോ?" "ശരിയാ ആന്റീ കളകളെക്കാൾ ഇനി ഞാൻ ചെടികളെ ശ്രദ്ധിക്കാൻ പോകയാ." സുനി പറഞ്ഞു. അപ്പോൾ ആന്റി, "സുനി നീ ഒരു കാര്യം കൂടെ ചെയ്യണം. ഇതേ കാര്യം നീ മിനിയോടും ചെയ്യാമോ. ദൈവം നിനക്ക് സ്നേഹിക്കാൻ ഒരു അനിയത്തിയെയും നിനക്ക് ആസ്വദിക്കാൻ പല കഴിവുകളും ഗുണങ്ങളും അവളിൽ തന്നിട്ടുണ്ട്. എന്നാൽ അവളുടെ തെറ്റുകളും കുറ്റങ്ങളുമാണ് നീ എപ്പോഴും ശ്രദ്ധിക്കുന്നത്. പകരം അവൾ ചെയ്യുന്ന നല്ല കാര്യങ്ങൾ ചിന്തിക്കുക"

സുനിക്ക് അത് പുതിയ ഒരു ചിന്തയായിരുന്നു. ആന്റി പറഞ്ഞത് ശരിയാണെന്ന് അവൾക്കറിയാമാ



യിരുന്നു. "ഞാൻ ശ്രമിക്കാം''. അവൾ വാക്കു പറഞ്ഞു.

### നിങ്ങൾ എങ്ങനെയാണ്?

മറ്റുള്ളവരുടെ ഗുണത്തേക്കാൾ അവരുടെ ദോഷങ്ങൾ കാണാനാണ് എളുപ്പം. അത് സ്വാഭാവികമാണ്. പക്ഷേ മറ്റുള്ളവരിലുള്ള നന്മകൾ കാണത്തക്കവിധം നിങ്ങളെതന്നെ പരിശീലിപ്പിക്കുക. അവരുടെ നല്ല കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. കളകളെക്കാൾ നല്ല ചെടികളെ കാണുക.ദൈവം സ്നേഹിക്കുന്നതു പോലെ മറ്റുള്ളവരെ സ്നേഹിക്കാൻ ദൈവത്തോടു സഹായം ചോദിക്കുക.

**കാണാതെ പഠിക്കുക.**

*ഫിലിപ്പിയർ 4:8*

സത്യമായത് ഒക്കെയും, ഘനമായത് ഒക്കെയും, നീതിയായത് ഒക്കെയും, നിർമ്മലമായത് ഒക്കെയും, രമ്യമായത് ഒക്കെയും, സൽക്കീർത്തിയായത് ഒക്കെയും, സൽഗുണമോ, പുകഴ്ച്ചയോ അത് ഒക്കെയും ചിന്തിച്ചു കൊൾവിൻ.

*ഫിലിപ്പിയർ 4:8.*

**–ടീയെം.**

*റിന്യൂവൽ ഒരു ആത്മീക ശുശ്രൂഷയാണ്. പ്രാർത്ഥിക്കുക, സഹകരിക്കുക. അച്ചടിയും അവതരണവും മെച്ചപ്പെടുത്താൻ ശ്രമിക്കുന്നതിനിടയിലും പ്രൂഫ് റീഡിംഗിൽ വരുന്ന പിഴവുകൾ മാന്യവായനക്കാർ ക്ഷമിക്കുമല്ലോ. – എഡിറ്റർ*

tmtvla@gmail.com

വാർത്തകൾ അയക്കേണ്ട വിലാസം: Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
**തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല), ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).**
**എഡിറ്റർ ഇൻ ചാർജ്ജ് – കെ. തോമസ് മാത്യു,**
**കൺസൽട്ടന്റ് എഡിറ്റർ – വർഗ്ഗീസ് ചാക്കോ,**
**ന്യൂസ് എഡിറ്റർ – തോമസ് ജോൺ,**
**ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ**
**പ്രൊമോഷൻ കോ–ഒർഡിനേറ്റർ – റെജി മാത്യു**
**പബ്ലിഷർ – ടെൻസൻ ജോസഫ്.**

YOUTH GUIDE

# REAL OR COUNTERFEIT

We are living in a world of counterfeits –fake currency, fake gold, fake pearls, fake diamonds and all else. The sad part is that we have fake disciples too. My intention in this write up is to ask my young friends to look into their lives and see if they are true disciples or pseudo ones.

The Bible is crystal clear concerning the evidences of new birth. If you profess to be a believer these evidences have to be seen in your life too. You may have testified to your salvation, you may be baptized and in church fellowship, but if you are not led by the spirit of God in your daily life (Rom 8:14) and if you do not have a genuine interest in the things of God, then you need to tremble.

**If the Spirit of God has dealt with you at some point in your life and brought you to a consciousness of sin, righteousness and judgment, to find salvation in Jesus Christ, then:**

· You will believe wholeheartedly that Jesus is the Christ (I John 5:1). You will not look to other religions and say there may be some means of salvation there too. (John 14:6; 1 Tim 2:5; Acts 4:12). There may be times when doubts creep in, but the word of God will reassure you to Christ.

· You will love God wholeheartedly (I John 5:1, Mathew 22:38). The things of God will be more important to you – there'll be no need for others to compel you to go to church, the youth meeting or the prayer meeting – your life will be characterized with a thirst for the things of God.

· You will have genuine love for those around – the believing and the unbelieving world (I John 4:7). You will love not only those who love you; you will strive to love those who hate you. You will willingly forgive all those who have hurt or done you wrong.

· Obeying the commands of God will be an easy thing for you (I John 2:3, 4; 5:3). You will not find them a burden. They will be the rules you live by!!

· You will have a longing for a righteous life (I John 2:29). Cheating people, copying in the exams, speaking half truths, engaging in more serious offenses, etc. will not be in your agenda. Every sin committed will keep you restless, until you have settled it with the Lord.

· Habitual sinning is not your way of life. Sin no more rules you because you are now its master. You are able to deal with it while it is still in the embryo stage (I John 3:9; Rom 6:14).

· You are able to say 'No" to all temptations because you are an over-comer (I John 5:4). The world, the flesh and the devil will tempt you but they will fail to trap you. You are able to overcome the lure of the cinema, the TV, wrong friendships and worldly lusts.

· You keep guarding your life from all that is evil. You don't live carelessly. You shut the doors to all that leads you to ungodliness (I John 5:18). If going one way causes you to sin, you take another route. If reading a novel causes you to sin, you throw it away!!

**Please take a while to introspect** - Where do you stand my friend as the scriptural check-list for a born again person is before you? Are you sure you are bound for heaven? Are the evidences listed here seen in your life? If not, you need to tremble! You need to humble yourself and ask the Lord to speak to your heart. **The first step to new birth happens when the Holy Spirit convicts you of sin, righteousness and condemnation. The second step is when you repent, turn to Christ, and believe that He and He alone can save you. The third step is yielding your life to him, inviting Him to come in, dwell and take over.** You are not saved because you desire to be saved or because you repeated a prayer someone asked you to repeat after him/her. The work of salvation is a miracle that God alone can do. If that miracle has taken place in your life you will walk the narrow path, having entered in through the strait gate. If you say you have entered in through the strait gate and are living as if you are walking the broad way (Math 7:13,14) – there's no doubt you are bound for eternal hell!!! Don't be misled because you profess to be a believer. Repent for now is the time – Seek the Lord and cry unto Him for salvation. Make sure you are a true disciple, not a counterfeit one!! If anyone is in Christ, he is a new creation, old things are passed away, behold all things are become new (2 Cor. 5:17)!

*— Betty John Kurian*

# ചത്തീസ്ഗഡ് പ്രയർ കോൺഫറൻസ്

ചത്തീസ്ഗഡ്, മദ്ധ്യപ്രദേശ് സംസ്ഥാനങ്ങൾക്കു വേണ്ടിയുള്ള പ്രയർ കോൺഫറൻസ് നവംബർ 10 തിങ്കൾ ഉച്ച മുതൽ 13 വ്യാഴം ഉച്ചവരെ ഭിലായിൽ നടക്കുവാൻ ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നു. 14 വരെയാണ് നേരത്തെ ഉദ്ദേശിച്ചിരുന്നതെങ്കിലും അന്ന് പൊതുതെരഞ്ഞെടുപ്പ് ആയതു കൊണ്ട് 13ന് അവസാനിപ്പിക്കുകയാണ്. വിശ്വാസികളുടെ ആത്മീക ഉണർവ്വിനും പ്രാർത്ഥനാ ജീവിതം ശക്തമാക്കുന്നതിനുമാണ് ഈ കോൺഫറൻസ്. പ്രാർത്ഥനക്കായ് പ്രത്യേക സമയങ്ങൾ മാറ്റി വച്ചിട്ടുണ്ട്. പ്രയർ ഗാലറി, പ്രയർ ചലഞ്ച്, മിഷൻ ചലഞ്ച് എന്നിവയും ഉണ്ടായിരിക്കും. ഭിലായ് സഭ ആതിഥ്യം വഹിക്കുന്ന പ്രയർ കോൺഫറൻസിൽ സഹോദരന്മാരായ മാത്യുപോൾ (കോയമ്പത്തൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല) തുടങ്ങിയവരെ കൂടാതെ മൂപ്പന്മാരും, സുവിശേഷകന്മാരുമായ വിവിധ സഹോദരന്മാർ ശുശ്രൂഷകൾ നിർവഹിക്കും. ദൈവജനത്തിന്റെ പ്രാർത്ഥനാ പൂർണ്ണമായ പിന്തുണ കോൺഫറൻസ് ചുമതല വഹിക്കുന്ന സഹോദരന്മാരായ ഷാലു റ്റി. നൈനാൻ, സിബു തോമസ്, ജെയിംസ് സാമുവൽ, സാംസൺ നൈനാൻ എന്നിവർ അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് – ജെയിംസ് സാമുവൽ, ഇൻഡോർ 09424091668, ഷാലു റ്റി. നൈനാൻ ഭിലായ് – 09425551713. പങ്കെടുക്കാനാഗ്രഹിക്കുന്നവർ രജിസ്റ്റർ ചെയ്തിരിക്കണം.

## ഫാമിലി കോൺഫറൻസുകൾ നടന്നു.

തിരുവനന്തപുരത്തും, തൃശൂരും ഫാമിലി കോൺഫറൻസുകൾ നടന്നു. തിരുവനന്തപുരത്ത് ഒക്ടോബർ 7, 8, 9 തീയതികളിലും തൃശൂരിൽ 8, 9 തീയതികളിലുമാണ് നടന്നത്. തിരുവനന്തപുരത്ത് തിരുമല സഭയുടെ ചുമതലയിൽ സഭാഹാളിൽ നടന്ന കോൺഫറൻസിൽ 15 കുടുംബങ്ങൾ പൂർണ്ണ സമയം പങ്കെടുത്തു. കൂടാതെ വിവാഹപ്രായമായവർക്കു വേണ്ടിയും പ്രത്യേക ക്ലാസ്സുകളും നടന്നു. തൃശൂർ നെല്ലിക്കുന്ന് സഭാഹാളിൽ നടന്ന കോൺഫറൻസിൽ 13 കുടുംബങ്ങൾ പങ്കെടുത്തു. രണ്ടു സ്ഥലങ്ങളിലും കുട്ടികൾക്കു വേണ്ടി പ്രത്യേക പ്രോഗ്രാമുകളും നടന്നു.

## ജി.എഫ്.റ്റി.ഐ. കോൺഫറൻസ്

സെക്കന്തറാബാദിലുള്ള ഒ.എം. ക്യാമ്പ് സെന്ററിൽ ജി.എഫ്.റ്റി.ഐ. ഫണ്ടിന്റെ ആഭിമുഖ്യത്തിലുള്ള സുവിശേഷകന്മാർക്കു വേണ്ടിയുള്ള കോൺഫറൻസ് ഒക്ടോബർ 16 വ്യാഴം മുതൽ 19 ഞായർ വരെ നടക്കുന്നു.

## നവദമ്പതികൾ



**വാളകം സഭാംഗം ചവറുകാട്ടിൽ സി.വി. മത്തായിയുടെ മകൻ സണ്ണിയും സുവിശേഷകൻ ജോൺ കുര്യന്റെ മകൾ ഷാരനും.**

# ബീഹാർ ദിവസം

ബാംഗ്ലൂർ ബെഥേസ്ദാ അസംബ്ലി യൂത്ത് മീറ്റിംഗിന്റെ ആഭിമുഖ്യത്തിൽ 'ബീഹാർ ഡേ' നടന്നു. ജെബി കെ. സൈമൺ ബീഹാറിനെപ്പറ്റിയും പ്രവർത്തനങ്ങളെപ്പറ്റിയും വിശദീകരിച്ചു. 1996 ബീഹാറിൽ മോത്തിപ്പൂരിൽ ജോലിയോടുള്ള ബന്ധത്തിലും 2006ൽ വേലയ്ക്കായി സമർപ്പിച്ച് കത്തിഹാർ എന്ന സ്ഥലത്തും എത്തിച്ചേർന്നു. സഹോദരൻ അവിടെ പ്രവർത്തിക്കുകയാണ്. കത്തിഹാർ സഭയിൽ 15ഓളം പേർ സ്ഥിരമായി കൂടിവരുന്നു. ഭാര്യ ജാസ്മിൻ, മക്കൾ ജെഫിൻ (2), ജെന്ന (10 മാസം). ക്രിസ്തീയ മിഷണറിമാർ അനേകം വർഷങ്ങൾക്കു മുമ്പ് ബീഹാറിലെത്തിയിരുന്നെങ്കിലും വടക്കൻ ബീഹാറിൽ ഉന്നത ജാതിയിൽ നിന്നും വലിയ എതിർപ്പുണ്ടായി. തെക്കൻ ബീഹാറിലാണ് ധാരാളം പ്രവർത്തനങ്ങളും സ്ഥാപനങ്ങളും ഉണ്ടായത്. ജംതാരയിൽ 150 വർഷങ്ങൾക്കു മുമ്പ് നമ്മുടെ സഭ സ്ഥാപിക്കപ്പെട്ടു. വടക്കൻ ബീഹാറിലെ ദർഭംഗ എന്ന ജില്ലയിൽ 5 മിഷണറിമാരും അവരുടെ കുടുംബാംഗങ്ങളും ചുട്ടുകരിക്കപ്പെട്ടതോടെ മിഷണറിമാരുടെ ശവപ്പറമ്പ് എന്ന വിശേഷണം ബീഹാറിനുണ്ടായി. 1999ൽ കത്തൃദാസൻ ടി.ഇ. ഈശോ പാറ്റ്നയിലെത്തി സഭസ്ഥാപിച്ചു. 1987ൽ മടങ്ങിപ്പോയി. പിന്നീട് 1987ൽ സഹോ. പി.ജെ. ജോൺ മൂസഫർപൂരിലെത്തി പുതിയ പ്രവർത്തനമാംരംഭിച്ചു. 1999ൽ ബീഹാറിലെ 56 ജില്ലകൾ 19 തെക്കൻ ജില്ലയിൽ ചേർത്ത് ഭാരതത്തിലെ ആദ്യ ആദിവാസി സംസ്ഥാനമായ 'ജാർഖണ്ഡ' രൂപീകരിച്ചു. ബീഹാറിൽ ഇന്ന് 90ഓളം സഭകളും 40ഓളം സുവിശേഷകന്മാരും ഉണ്ട്. ഇതിൽ 30ഓളം പേർ തദ്ദേശിയരാണ്.

# ഇർപ്പനാറിന്റെ ഇരുട്ടു മാറ്റാൻ...

1–ാം പേജിൽ നിന്ന് തുടർച്ച

ആത്മീയ കാര്യങ്ങൾ പഠിപ്പിക്കാൻ കൂടുതൽ സൗകര്യം ലഭിക്കും. ഒരു രക്ഷകർത്താവ് പറഞ്ഞത്. "ഇങ്ങനെ ഒരു സ്കൂൾ ഇല്ലായിരുന്നെങ്കിൽ ഞങ്ങളുടെ മകൻ ലക്ഷ്യമില്ലാത്തവനായി പോയേനെ!"

അരുൺ എന്ന കുട്ടിയുടെ രൂപാന്തരം മൂലം ഹോസ്റ്റലിൽ മറ്റു കുട്ടികൾക്കും വ്യത്യാസം വന്നു. ഒരാളെ ഫീസുൾപ്പെടെ ഹോസ്റ്റലിൽ താമസിപ്പിക്കാൻ 10,000 രൂപ ഒരു വർഷത്തേക്ക് വേണം. ഓരോ കുട്ടിയെയെങ്കിലും സ്പോൺസർ ചെയ്യാൻ ചിലർ മുന്നോട്ട് വന്നെങ്കിൽ!

ഡിഗ്രി പാസ്സായ സമർപ്പണമുള്ള വർക്ക് (ബി.എഡ്.) വേണമെന്നില്ല. ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ അത്യാവശ്യ അറിവ് ഉണ്ടെങ്കിൽ ടീച്ചേഴ്സാകാം. ഏകദേശം 3000 രൂപയോളം ശമ്പളം നൽക്കത്തക്ക വിധം ഇതും ചിലർ സ്പോൺസർ ചെയ്താൽ എത്രത്തോളം നന്നായിരുന്നു! ദൂരെ നിന്നുള്ള കുട്ടികളെ ഒരു വാൻ വാടകയ്ക്കെടുത്താണ് കൊണ്ടു വരുന്നത്. 9 ഏക്കറോളം സ്ഥലം ഉള്ളതിനാൽ



*പഴയ ഷെഡ്*

ധാരാളം വികസന സാദ്ധ്യതകളുണ്ട്. കാങ്കേർ ജില്ല ട്രൈബൽ ജില്ലയാണ്. ബംഗ്ലാദേശ് അഭയാർത്ഥികളും താമസിക്കുന്നു. ഇർപ്പനാറിന്റെ ഇരുട്ട് മാറ്റാനുള്ള യത്നത്തിൽ വിശ്വാസ സമൂഹം തങ്ങളുടെ പങ്കു നിർവഹിക്കുമോ?

*കമ്പ്യൂട്ടർ ബിസിനസ്സിലായിരുന്ന ലാൻസി ഭിലായിൽ വെച്ചാണ് കർത്താവിന്റെ വേലക്കായി സമർപ്പിച്ചത്. തന്റെ മാതാവും തന്നോടൊപ്പം താമസിക്കുന്നു. ലാൻസി – റീന ദമ്പതികൾക്ക് ഡാനി (ക്ലാസ്സ് 6), ഡേവിഡ് (ക്ലാസ്സ് 4), ജെറമി (കെ.ജി.) എന്നിവരാണ് മക്കൾ. വിലാസം – Thomas Joseph, Kurrenar, Bande P.O., Kanker Dist., Chattisgarh 494777. Tel : 09406010360, 9406357400. E-mail:lancyreena@gmail.com.*

# ആന്ധ്രയിൽ 'ചലഞ്ച്'...

1–ാം പേജിൽ നിന്ന് തുടർച്ച

ങ്ങൾ വിവരിച്ചത് അനവധി പേർക്ക് പുതുതായി സമർപ്പണം ചെയ്യാൻ ഇടയായി. 7–ാം തീയതി ചൊവ്വാഴ്ച വൈകുന്നേരത്തോടെ പ്രോഗ്രാം സമാപിച്ചു. ആന്ധ്രയിലെ സഭകളുടെ ഉണർവിനായി അനവധി യുവജനങ്ങൾ മിഷൻ ഫീൽഡുകളിലേക്ക് മാർച്ച് ചെയ്യാനും നമുക്ക് പ്രാർത്ഥിക്കാം. ഒരു ലിസ്റ്റിലും പേരില്ലാത്ത അനവധി സുവിശേഷകന്മാരെ പ്രത്യേകിച്ച് യുവ സുവിശേഷകന്മാരെ പ്രോത്സാഹിപ്പിക്കാം.



*ഫോളോ അപ്പ് കോൺഫറൻസിൽ പങ്കെടുത്തവർ*

A.G. Jacob,
63-3-58,
Jawahar Nagar,
Malkapuram P.O.,
Vishakhapattanam
530011, A.P.
Tel : 09440542858.

# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് – 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യുവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

## WANTED BRIDE GROOM

**RM No : 841 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'5" ഉയരം. B.Sc. പ്രൊഫഷണൽ ഡിഗ്രി. ജോലിയുണ്ട്.

**RM No : 842 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 29 വയസ്സ് 5'1" ഉയരം. B.Com. അക്കൗണ്ടന്റായി ഗൾഫിൽ ജോലി. നവംബറിൽ നാട്ടിൽ വരും.

**RM No : 843 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5'4'ഉയരം. നേഴ്സ്. അമേരിക്കയിൽ. ഉടൻ നാട്ടിൽവരുന്നു.

**RM No : 844 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5'4" ഉയരം. B.Sc. Nurse. അയർലണ്ടിൽ ജോലി.

**RM No : 845 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി. 24 വയസ്സ് 5'7" ഉയരം. എൻജിനീയർ. ബാംഗ്ലൂരിൽ ജോലി.

**RM No : 846 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5'4" ഉയരം. B.Sc. നേഴ്സ്.

**RM No : 847 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5' ഉയരം. B.D.S.

## WANTED BRIDE

**RM No : 848 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'7" ഉയരം. B.Sc. Computer Science. ഗൾഫിൽ ജോലി. നവംബറിൽ നാട്ടിൽ വരും.

**RM No : 849 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'9" ഉയരം. I.T.I. ഓട്ടോമൊബൈൽ മെക്കാനിക്ക്.

**RM No : 850 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5'6" ഉയരം. B.Com. Dip. in Printing Technology, Multimedia. ചെന്നൈയിൽ ജോലി.

**RM No : 851 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'7" ഉയരം. B.Sc. Computer Science. ഗൾഫിൽ ജോലി. നവംബറിൽ നാട്ടിൽ വരും.

**RM No : 852 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 30 വയസ്സ് 5'8" ഉയരം. HDSE (Higher Dip. in Software Engineering) ഗൾഫിൽ ജോലി. ഡിസംബറിൽ നാട്ടിൽ വരും.

**RM No : 853 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 30 വയസ്സ് 5'3" ഉയരം. ഗ്രാഫിക്ക് ഡിസൈനർ. ശ്ഫിൽ ജോലി. ഡിസംബറിൽ നാട്ടിൽ വരും.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ 0484 2432896 എന്ന നമ്പറിൽ ബന്ധപ്പെടുക.

## നാഗാലാൻഡിനു വേണ്ടി പ്രാർത്ഥിക്കുക

രംഗപ്പാർ – ആയിരത്തിലധികം അക്രൈസ്തവർ കുടുംബങ്ങൾ മാത്രമുള്ള ഒരു ഗ്രമമാകുന്നു രംഗപ്പാർ. ഇവി ടെ സ്ത്രീകളും പുരുഷന്മാരും ഒരുപോലെ മദ്യം ഉപയോഗിക്കും. ഇവിടെ ഒരു ഗവൺമെന്റ് സ്കൂൾ ഉണ്ടെങ്കിലും സ്കൂളിൽ പോകാ തെ പുകവലി ഉൾപ്പെടെയുള്ള ദുർ സ്വഭാവങ്ങളിൽ മുഴുകി അലഞ്ഞു നടക്കുന്ന ധാരാളം കുട്ടികളെ കാ ണാൻ കഴിയും. കുട്ടികളെ ഒന്നിച്ചു കൂട്ടി ദൈവവചനം പഠിപ്പിക്കുവാൻ ഗ്രാമത്തിലെ പ്രധാന ആൾ (ഗ്രാമത്തലവൻ) സ്കൂൾ അനുവദിച്ചു തരികയുണ്ടായി എന്നതു സ്തോത്രത്തിനും പ്രാർത്ഥനക്കും ആയി അറിയിക്കുന്നു. ആഴ്ചയിൽ ഒരിക്കൽ എല്ലാ തിങ്കളാഴ്ചയും ഉച്ചയ്ക്ക് 2.30നു ശേഷം നടക്കുന്ന ക്ലാസ്സിൽ 50 കുട്ടികൾ സംബന്ധിച്ചുകൊണ്ടിരിക്കുന്നു. സഭയ്ക്കു വേണ്ടി, O. Georgekutty , Evg., P.O. Box - 18, A.R.T.C. P.O., Nagaland - 797115.

## കുന്നൻപാറ ബ്രദ്റൺ അസംബ്ലി

തിരുവനന്തപുരം ജില്ലയിൽ വട്ടിയൂർക്കാവ് വില്ലേജിൽ കുന്നൻപാറ എന്ന സ്ഥലത്ത് 2005–ൽ ആറാമട സഭയുടെ സഹകരണത്തിൽ ഒരു പ്രവർത്തനം ആരംഭിച്ചു. 2008 ഒക്ടോബർ 1–ാം തീയതി 14 പേർ കർത്താവിനെ സ്വീകരിക്കുവാനിടയായി. ആ ദിവസം ഉച്ചയ്ക്കു ശേഷം ആറാമട സഭയുടെയും മലയിൻകീഴ് സഭയുടെയും പ്രവർത്തനത്തിനുവന്ന സഹോദരന്മാരുടെയും സഹകരണത്തിൽ എട്ട് പേരുടെ സ്നാന ശുശ്രൂഷ നടന്നു. അങ്ങനെ ഒക്ടോബർ 5–ാം തീയതി മുതൽ കർത്തൃമേശ വച്ചുള്ള ആരാധന ആരംഭിക്കുവാൻ ഇടയായി. പലർക്കും എതിർപ്പുകളും പ്രയാസങ്ങളും ഉണ്ട്. ദൈവമക്കൾ പ്രാർത്ഥിക്കുക. വിലാസം –Brethren Assembly, Kunnampara, C/o. S.G. Gilbert, St. Mary Church lane, Maruthamvila Veedu, Kunnapuzha, Aramada P.O., TVM. - 695032, Kerala.

## റായ്ഗഡ് സഭ

1998 സഭാ കൂടിവരവി തുടങ്ങി. റായഗഡ് സ്റ്റീൽ നഗരത്തിൽ മറ്റിടങ്ങളിലായ് 5 സഭകൾ കൂടി ആരംഭിച്ചു. 10 സെന്റ് സഭാഹാളിനായി വാങ്ങിയിട്ടുണ്ട്. സഭാഹാളിനും സുവിശേഷകന് താമസിക്കാനും ഗസ്റ്റ് റൂമുകൾക്കും കൂടി 15 ലക്ഷം രൂപയാണ് ആവശ്യമുള്ളത്. 'Believers Brethren Assembly, Raigarh' എന്ന പേരിൽ Central Bank of Indiaൽ Raigarh Branch 3024304852 നമ്പറിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. Believers Brethren Assembly, Kauhakunda, Near Pahar Mandir, Raigarh - 496001, Chattisgarh–റോബിൻസൺ റോട്ട്

## ബാലോദ് സഭ – ഛത്തീസ്ഗഡ്

25 വിശ്വാസികൾ കൂട്ടായ്മയിലുണ്ട്. 35 പേർ കൂടി വരുന്നു. 2005ൽ ആരംഭിച്ച സഭാഹാൾ നിർമ്മാണം മുടങ്ങിപ്പോയി. ചത്തീസ്ഗഡിലെ ഈ സഭയുടെ ഹാൾ പൂർത്തിയാക്കുന്നതിന് വിശ്വാസികളുടെ സഹകരണം അത്യാവശ്യമാണ്. State Bank of India, ADB Branch, Balodൽ 30365329516 നമ്പറിൽ സഭയ്ക്കു അക്കൗണ്ട് ഉണ്ട്. തൃശൂരിനടുത്ത് പഴയന്നൂർപ്പാടം സഭയിൽ നിന്നു ള്ള സഹോദരൻ പി. ജി. ഉണ്ണികൃഷ്ണനാണ് ഇവിടെ ഫലകരമായ ശുശ്രൂഷ ചെയ്യുന്നത്. ഈ പ്രവർത്തനത്തിൽ സഹകരിക്കണമെന്ന് സുവിശേഷകൻ ഷാലു റ്റി. നൈനാനും (ഭിലായ്) അഭ്യർത്ഥിച്ചിട്ടുണ്ട്. സഭയ്ക്കു വേണ്ടി–പി.ജി. ഉണ്ണികൃഷ്ണൻ,

## നമുക്കു ചുറ്റും

ജി. ധർമ്മയ്യാ P.G. Unnikrishnan, Behind Chithrayan Road, Amapara, Balod P.O., C.G. 491226, Tel - 09425561028.

## റൂർക്കല സഭ

1989–ൽ സഹോ. പി.സി. സാമുവൽ പ്രവർത്തനമാരംഭിച്ചു. 1991–ൽ സഭാ കൂടി വരവ് തുടങ്ങി. 7 വർഷങ്ങളായി സഭാ ഹാളിനായി പ്രാർത്ഥിക്കുന്നു. 6 സെന്റ് സ്ഥലം വാങ്ങാൻ കർത്താവ് സഹായിച്ചു. Stewards Association in India യുടെ പേരിൽ 2007ൽ രജിസ്റ്റർ ചെയ്തു. ഏകദേശം 4ലക്ഷം രൂപ ഹാൾ നിർമ്മാണത്തിന് ആവശ്യമുണ്ട്. Christian Brethren Assembly യുടെ പേരിൽ State Bank of India, Panposh Branch–ൽ 10157311117 നമ്പരായി അക്കൗണ്ട് നിലവിലുണ്ട്. P.C. Samuel, Grace Villa, Panposh, Rourkela, Orissa- 769004.

## തൃശൂർ ഗോസ്പൽ ടീം

തൃശൂർ ഗോസ്പെൽ ടീമിന്റെ അനുധാവന പ്രവർത്തനങ്ങൾ ക്കായി വീണ്ടും ഓൾ കേരള ഔട്ട് റീച്ച് പ്രോഗ്രാം ആരംഭിച്ചു. ഗുഡല്ലൂരിൽ സെപ്റ്റംബർ 18 മുതൽ 21 വരെയും രണ്ടാമത്തെ പ്രവർത്തനം ഒക്ടോബർ 9 മുതൽ 12 വരെ ഇടുക്കിയിലും നടന്നു. വിലാസം – Thrissur Gospel Team, C/o. Timmy Adams (Evg.), Bethesda, 9-229, Kaipola Lane, Nellikkunnu, Thrissur - 680005. Ph : 0487 2427257.

## ബദർപൂർ അസംബ്ലി, ന്യൂഡൽഹി

ഡൽഹിയിൽ അപ്പോളൊ, എസ്കോർട്ട്, ഹോളിഫാമിലി തുടങ്ങിയ ഹോസ്പിറ്റലുകളിൽ ജോലിക്കായി കടന്നുവരുന്നവർക്കും സൗത്ത് ഡൽഹിയിൽ ജോലിക്കായി വരുന്നവർക്കും വരുവാൻ സൗകര്യപ്രദമായ സ്ഥലത്താണ് സഭാഹാൾ. സഭയ്ക്കുവേണ്ടി – Bro. A.V. Thomas, Bro. Mathews, Hebron Brethren Assembly, C/o. Bro. Joys Thekkekatta Flat No. 303-B, Pocket N. Saritha Vihar, New Delhi - 110076. Mob : 9871975967, 9818675935, (R) 011 - 26942688.

## അന്താൾ സഭ – ബംഗാൾ

15 വിശ്വാസികൾ കൂട്ടായ്മയിലുണ്ട്. നാടൻ മേൽക്കൂരയുള്ള ഇപ്പോഴത്തെ ഹോൾ ഒട്ടും സൗകര്യപ്രദമല്ല. മഴക്കാലത്ത് വെള്ളത്തിൽ നിന്നാണ് ആരാധിക്കുന്നത്. അല്പം കൂടി വിപുലപ്പെടുത്തി ആസ്ബസ്റ്റോസ് മേൽക്കൂരയുമിട്ട് തറയും നന്നാക്കാൻ ഉദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ സഹകരിക്കാൻ ദൈവമക്കളോട് അഭ്യർത്ഥിക്കുന്നു. ചെക്കുകളും ഡ്രാഫ്റ്റുകളും 'Brethren Assembly' എന്ന പേരിൽ Andhra Bank, Nachan Road, Durgapur 713213 A/c No. 011401100008926 അയക്കാം. Brethren Assembly, Rd. No. 6. Qtr No. 15, Mahiskapur Road, B'Zone, Durgapur 713205, W. Bengal.

## ജസ്റ്റിനു വേണ്ടി പ്രാർത്ഥിക്കുക

വയനാട്ടിലെ പേര്യ സഭാംഗമായ ജസ്റ്റിൻ (പ്ലസ് ടു വിദ്യാർത്ഥി) തലച്ചോറിലെ ഞരമ്പിനുണ്ടായ പഴുപ്പ് നീക്കം ചെയ്യാൻ കണ്ണൂർ മെഡിക്കൽ കോളേജിൽ തലയോട്ടി ഇളക്കിയുള്ള ഓപ്പറേഷന് വിധേയനായി. സാമ്പത്തികമായി സഹായം അർഹിക്കുന്ന ജസ്റ്റിനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർക്കുക. P.J. Tomy, SBC Hollow Bricks., Mananthawadi P.O., Kaniaram, Wayanad. Tel : 9447640347.

## ഫാമിലി റിട്രീറ്റ് നടന്നു

ബാംഗ്ലൂർ ബഥേസ്ഥ ബ്രദ്റൻ സഭയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 27ന് ഏകദിന ഫാമിലി റിട്രീറ്റ് നടന്നു. 28ഓളം കുടുംബങ്ങൾ പങ്കെടുത്തു. സഹോദരൻ സ്റ്റാൻല് ജോൺസ് ക്ലാസുകൾക്ക് നേതൃത്വം നൽകി. സഹോ. ഐപ്പ് ചെറിയാൻ സാമപന സന്ദേശം നൽകി. കുട്ടികൾക്കു വേണ്ടി പ്രത്യേക പ്രോഗ്രാമും നടന്നു.

## പടുപ്പ് സഭ – കാസർഗോഡ്



സഭയിലെ ജോയ് റാഫേൽ രക്ഷിക്കപ്പെട്ടതിനെ തുടർന്ന് കുടുംബ വീട്ടിൽ താമസിക്കാൻ കഴിയാതെ വന്നു. സഹോദരന്മാരുടെ ശ്രമത്താൽ ഒരു കുടിൽ കെട്ടിയുണ്ടാക്കി 4 വർഷമായി താമസിക്കുന്നു. ടാപ്പിംഗ് തൊഴിലാളിയായ സഹോദരൻ ആത്മീയ കാര്യങ്ങളിൽ ഉത്സാഹിയാണ്. ഇപ്പോഴത്തെ കുടിലിന്റെ തൂണുകൾ ദ്രവിച്ചതു കൊണ്ട് അത്യാവശ്യമായും ഒരു ഭവനം ആവശ്യമാണ്. സഹകരിക്കുവാൻ കർത്താവ് പ്രേരണ നൽകുന്നവർക്ക് സഭയുടെ ജോയിന്റ് അക്കൗണ്ടിലേക്ക് അയക്കാം. The Federal Bank, Kanhangad A/c 5231. സഭയ്ക്കു വേണ്ടി ജേക്കബ് മാത്യു, ദേവസ്യ കവിയിൽ, സുവി. കോളിൻസ് റ്റി. മാത്യു. Collins T. Mathew, Moriah Bhavan, Padappu, Shankaram pady P.O., Kasargod Dist. 671541.

## പ്രയർ കലണ്ടർ
### നവംബർ 2008

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.

| | | | | | |
|---|---|---|---|---|---|
| **ഞായർ**<br>സ്ഥലം സഭയ്ക്കു വേണ്ടി | **30** സഭയിലെ സുവിശേഷകന്മാർക്കായി. (ഇല്ലെങ്കിൽ കർത്താവ് ചിലരെ എഴുന്നേൽപ്പിക്കുവാൻ). കുടുംബത്തിനായി, ആവശ്യങ്ങൾക്കായി, സംരക്ഷണത്തിനായി. സഭയായി വേണ്ടവിധം സഹായിക്കാൻ. അവരുടെ വീടുകളിൽ പ്രവർത്തന സ്ഥലങ്ങളിൽ പോയി പ്രോത്സാഹിപ്പിക്കാൻ. (കത്തുകളും മറ്റും അയച്ച്). | **2** നമ്മുടെ സ്ഥലം സഭകൾ ആത്മാക്കൾക്കായി ദാഹിക്കുന്നവരായി തീരാൻ പ്രാർത്ഥിക്കുക. നിങ്ങളുടെ സഭയിൽ കഴിഞ്ഞ 5 വർഷങ്ങൾക്കുള്ളിൽ എത്ര പേർ പുതുതായി വന്നിട്ടുണ്ട്. സഭയിൽ ഔട്ട്റീച്ച് പ്രവർത്തനങ്ങൾ അർത്ഥപൂർണ്ണമായി നടക്കാൻ. സുവിശേഷ വേലക്കായി മുതൽ മുടക്കാൻ പ്രാർത്ഥിക്കുക. | **9** സഭാ യോഗങ്ങൾ സജീവമാക്കുന്നതിന് പ്രാർത്ഥിക്കുക. സമയം പാലിക്കാൻ (നിങ്ങൾ സമയത്തിനെത്താറുണ്ടോ?) ഇട ദിവസങ്ങളിലെ പ്രാർത്ഥനാ യോഗങ്ങൾ, ബൈബിൾ സ്റ്റഡി, സഹോദരിമാരുടെ യോഗങ്ങൾ ഇവയിൽ കൂടുതൽപേർ സംബന്ധിക്കാൻ. ഞായറാഴ്ച കൂടുതൽ പേർ സ്തോത്രം ചെയ്യാൻ. വചനശുശ്രൂഷ ആത്മനിറവിൽ ആകാൻ. | **16** സഭയിലെ മൂപ്പന്മാർ, ശുശ്രൂഷകന്മാർ, ശുശ്രൂഷക്കാരത്തികൾ. ഇവരുടെ പേരു പറഞ്ഞ് (ഇല്ലെങ്കിൽ ദൈവം എഴുന്നേൽപ്പിക്കാൻ), അവരെ ഒരു നല്ല വാക്ക് പറഞ്ഞ് പ്രോത്സാഹിപ്പിക്കുക. അവരുടെ വ്യക്തിപരമായ പ്രാർത്ഥനാജീവിതം, ബൈബിൾ സ്റ്റഡി ഇവയ്ക്കായി. അവരുടെ കുടുംബത്തിനായി ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുക. | **23** സ്ഥലം സഭയിലെ എല്ലാ വിശ്വാസികളുടെയും പേരു പറഞ്ഞ്. അവർ ആത്മീകമായി വളരാൻ. ഓരോരുത്തരുടെയും ആവശ്യങ്ങൾ അറിഞ്ഞ്. (അവരെ നേരിൽ കണ്ട് ചോദിക്കുക). വിവാഹപ്രായമായവർക്കായി പ്രത്യേകം പ്രാർത്ഥിക്കുക. രക്ഷിക്കപ്പെടാത്തവർ, പിന്മാറ്റത്തിലുള്ളവർ ഇവർക്കായി. സഭയിലെ വിവിധ ആവശ്യങ്ങൾക്കായി. |
| **തിങ്കൾ**<br>അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം**<br>5 മിനിററ് സ്തുതി:<br>5 മിനിററ് നന്ദി (സ്ത്രോതം):<br>5 മിനിററ് ഏററുപറച്ചിൽ:<br>20 മിനിററ് വചനധ്യാനം:<br>20 മിനിററ് മദ്ധ്യസ്ഥ പ്രാർത്ഥന:<br>5 മിനിററ് അപേക്ഷ: | **3** ചത്തീസ്ഗഡ് മുഖ്യമന്ത്രി രമൺസിംഗ് സുവിശേഷത്തിനനുകൂലമായ മന്ത്രിസഭ ഉണ്ടാക്കാൻ മുട്ടിപ്പായി പ്രാർത്ഥിക്കുക. മുൻ മുഖ്യമന്ത്രി അജിത് ജോഗി. തെരഞ്ഞെടുപ്പ് നവം. 14നും, 20നും സമാധാനപരമായ അന്തരീക്ഷത്തിന്. ചത്തീസ്ഗഡിലെ സഭകളെയും സുവിശേഷകന്മാരെയും ഓർത്ത്. പ്രയർ കോൺഫറൻസ് ഭിലായിൽ നവം. 10 മുതൽ 13 വരെ. | **10** സംസ്ഥാന തെരഞ്ഞെടുപ്പുകൾക്കായി. ഇലക്ഷൻ കമ്മീഷണർമാരായ എൻ. ഗോപാല സ്വാമി (ചീഫ്), എസ്. വൈ. ഖുറേഷി, നവീൻ ചൗള എന്നിവരെ ഓർത്ത്. സമാധാനപരമായി തെരഞ്ഞെടുപ്പുകൾ നടക്കാൻ. ജമ്മു കാശ്മീരിലും തെരഞ്ഞെടുപ്പ് നടക്കാൻ. കാശ്മീരിന്റെ സമാധാനത്തിനായി. പുതുതായി തെരഞ്ഞെടുക്കപ്പെടുന്നവർ സുവിശേഷത്തിനെതിരായി പ്രവർത്തിക്കാതിരിക്കാൻ. | **17** ഡൽഹി മുഖ്യമന്ത്രി ഷീല ദീക്ഷിത്. നമ്മുടെ അനേക സഭകളുള്ള ഡൽഹി പ്രദേശത്ത് സുവിശേഷത്തിന് തടസ്സമുണ്ടാകാതിരിക്കാൻ. ബി. ജെ. പി. മുഖ്യമന്ത്രി സ്ഥാനാർത്ഥി പി. കെ. മൽഗോത്ര. ഡൽഹിയിൽ നവം. 29ന് തെരഞ്ഞെടുപ്പ്. രാജസ്ഥാനിലെ മുഖ്യമന്ത്രി വസുന്ധരാജ് സിന്ധ്യ. ദൈവജനം വളരെ പ്രയാസപ്പെട്ട നാളുകൾ. | **24** ഭരണ കർത്താകൾക്കായി പേരുപറഞ്ഞ് ദിനവും പ്രാർത്ഥിക്കുക. (പത്രത്തിൽ വരുന്ന പേരുകൾ ശേഖരിച്ചുവയ്ക്കുക.) രാഷ്ട്രപതി പ്രതിഭാ പാട്ടീൽ, ഉപരാഷ്ട്രപതി ഹമിദ് അൻസാരി, പ്രധാനമന്ത്രി മൻമോഹൻസിംഗ്, ആഭ്യന്തരമന്ത്രി ശിവരാജ് പാട്ടീൽ, സുപ്രീംകോടതി ചീഫ് ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ, കേന്ദ്രമന്ത്രിമാരായ പി. ചിദംബരം, അർജുൻസിംഗ്. |
| **ചൊവ്വ**<br>രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി |  | **4** ഭാരതത്തിൽ രണ്ടായിരം വർഷങ്ങളായി സുവിശേഷം എത്തിയിട്ട് 3%ത്തിൽ താഴെ മാത്രം ക്രിസ്ത്യാനികൾ. രക്ഷിക്കപ്പെടാത്ത ക്രിസ്ത്യാനികൾക്കായി. ഒറീസ്സയിലെ മുഖ്യമന്ത്രി നവീൻ പട്ട്നായിക്ക്. കാന്തേമാൽ ജില്ലയിലും ഒറീസ്സയിലെ മറ്റു ഭാഗങ്ങളിലും അനവധി പേർ കൊല്ലപ്പെട്ടു. ആഭ്യന്തരമന്ത്രി, മറ്റു മന്ത്രിമാർ, ചീഫ് സെക്രട്ടറി. | **11** കർണ്ണാടകയിൽ വിശ്വാസികൾ ഭീതിയിൽ. മുഖ്യമന്ത്രി ബി. എസ്. യഡിയൂരപ്പ. എല്ലാ പള്ളികൾക്കും ഹോളുകൾക്കും പോലീസ് കാവൽ ഇപ്പോൾ നൽകിയിട്ടുണ്ട്. സമാധാന ശ്രമങ്ങൾക്കായി. കർണ്ണാടകയിൽ ഉപതെരഞ്ഞെടുപ്പ് നടക്കുന്നു. സുവിശേഷ വിരോധികൾ രക്ഷിക്കപ്പെടുവാൻ. ക്രിസ്തീയ മനോഭാവത്തിൽ മാത്രം വിശ്വാസികൾ പ്രതികരിക്കാൻ. | **18** രക്ഷിക്കപ്പെടാത്ത സഹപാഠികൾ (മുൻപ് ഒന്നിച്ചു പഠിച്ചവർ) ഒരുമിച്ച് ജോലി ചെയ്യുന്നവർ. സുവിശേഷം നേരത്തെ പറഞ്ഞവരെ അനുധാവനം ചെയ്യാൻ. പഞ്ചാബി ഭാഷയിൽ ട്രാക്റ്റുകൾ ലഭിക്കാൻ. (ജഗ്ദേവ് കുമാറും മിനിയും ഇതിനായി പ്രാർത്ഥിക്കുന്നു.) ഇർപ്പനാർ (ചത്തീസ്ഗഡ്) ഗ്രാമത്തിലെ സ്കൂൾ പ്രവർത്തനം മുഖാന്തരം അനേകർ രക്ഷിക്കപ്പെടുവാൻ. | **25** ദിവസവും കണ്ടുമുട്ടുന്നവരെ ഓർത്ത്. സുവിശേഷം പറയുവാൻ ഒരുങ്ങി പ്രാർത്ഥിക്കുക. നിങ്ങളുടെ എം. പി., എം. എൽ. എ., മുനിസിപ്പൽ, പഞ്ചായത്ത് മെമ്പർമാർ, വില്ലേജ് ഓഫീസർ, പോലീസ് ഉദ്യോഗസ്ഥന്മാർ, പി. ഡബ്ലിയു. ഡി. അധികാരികൾ, ട്രാൻസ്പോർട്ട്, റെയിൽവേ ഉദ്യോഗസ്ഥന്മാർ, നിങ്ങളുടെ മക്കൾ പഠിക്കുന്ന സ്കൂളിലെ അദ്ധ്യാപകർക്കായി. |
| **ബുധൻ**<br>സൗഖ്യമില്ലാത്തവർക്ക് വേണ്ടി | | **5** വിവിധ രോഗങ്ങളാൽ ഭാരപ്പെടുന്നവർക്കായി പേരു പറഞ്ഞ്. സഭയിലും സമീപ സ്ഥലങ്ങളിലുമുള്ളവരെ സന്ദർശിച്ച് പ്രാർത്ഥിക്കുക. അകലെയുള്ളവർക്ക് കാർഡുകൾ, ഇ. മെയിൽ അയച്ച് പ്രാർത്ഥിക്കുന്നുണ്ടെന്ന് അറിയിക്കുക. സഹായം ആവശ്യമുള്ളവർക്ക് സഭയായും വ്യക്തിപരമായും നൽകാൻ, സാന്ത്വന ചികിത്സയ്ക്കും, വൃദ്ധ സംരക്ഷണത്തിനും ആളുകൾ മുന്നോട്ട് വരാൻ. | **12** രോഗികളുടെ പേരുകൾ പറഞ്ഞ്. പി. റ്റി. ജോർജ്ജ്കുട്ടി, ഭോപ്പാൽ, കെ. ജി. സാം, ഭോപ്പാൽ (കിഡ്നി സംബന്ധ രോഗം), സാമുവൽ പി. എബ്രഹാം, കോട്ടക്കുളം, ദയലാൽ ഭാര്യ സുനിത (അപകടത്തെ തുടർന്ന് ചികിത്സയിൽ), റോബിൻസൺ മാത്യു, ഊരമന, റ്റി. എസ്. ഡേവിഡ്, രാജസ്ഥാൻ (അപകടം), ആറമുള ബേബി (ഹാർട്ട് അറ്റാക്ക്), മദൻപോൾ, ലുധിയാന (ഡെങ്കിപനി) (19 കാണുക). | **19** രാമൻ തമ്പുരാൻ (പുതിയ വിശ്വാസി), എ. ആർ. പീറ്റർ, പാലക്കാട് (ട്യൂമർ), ഗ്രേസ് ജോൺസൺ, എറണാകുളം (ക്യാൻസർ), പി. വി. വർഗീസ് കോയിപ്രം (ക്യാൻസർ), റാഫേൽ എറണാകുളം (ക്യാൻസർ), ആലീസ് റോയി, യു. എസ്. എ. (ക്യാൻസർ), റോഡ്നി പോൾ, തൃശൂർ (ക്യാൻസർ), കെ. വൈ. ജോൺ, പുന്നല (ക്യാൻസർ). | **26** സൗഖ്യം ലഭിച്ചവർക്കായി നന്ദി പറയാം. സഹോ. ബാബു (റാന്നി)വിന്റെ മകൾ ഹന്നയ്ക്കു സൗഖ്യം ലഭിച്ചു. വീണ്ടും ഒരു പൈതലിനെ – ഐഡ – ദൈവം നൽകി. മെർലിൻ (മേപ്രാൽ) അസാധാരണ അസുഖം, വാർദ്ധക്യത്തിന്റെ പ്രയാസം ഉള്ള പി. കെ. മാത്യൂസ് (തിരുവല്ല), ഫിലിപ്പ് എബ്രഹാം (കല്ലിശ്ശേരി), വി. പി. ജേക്കബ് (തിരുവനന്തപുരം). |
| **വ്യാഴം**<br>സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | | **6** പ്രതികൂലങ്ങൾ ഉള്ള സംസ്ഥാനങ്ങളിലെ സുവിശേഷകന്മാർക്കായി. കർണ്ണാകടയിലെ വൈ. എം. ഇ. എഫ്. പ്രവർത്തനം പുനരാരംഭിക്കുവാൻ. സുവിശേഷകന്മാരായ ആന്റണി കുര്യൻ, റ്റി. ജി. ബെന്നി, ജെയിംസ് വർഗ്ഗീസ്, ജേക്കബ് തോമസ്, ജോബിൻ കെ. വർഗ്ഗീസ്, ഡി. ജേക്കബ്, ജോൺ ഫിലിപ്പ്, കെ. വി. ജോസ്, ജോസ് മാത്യൂസ്, ജോയ് ചാക്കോ, ടി. ജെ. മാത്യു ഇവർക്കായി. | **13** കർണ്ണാടകയിൽ ഗവ. അധികാരികൾ രക്ഷിക്കപ്പെടാൻ. സുവിശേഷകന്മാരായ എം. സി. ആർ. പിള്ള, എ. എസ്. രാജു കെ. മാത്യു, റെജി. കെ. തോമസ്, റോയി റ്റി. ഡാനിയേൽ, എ. എസ്. സാബു, സാം എൻ. ജേക്കബ്, കെ. എ. ഷാജിമോൻ, എ. കെ. തോമസ് കുട്ടി, പി. കെ. വർഗീസ് തുടങ്ങിയവരെ ഓർത്ത്. കർണ്ണാടകക്കാരായ അനവധി സുവിശേഷകന്മാരെ ഓർത്ത്. | **20** ഒറീസയിലെ നമ്മുടെ സഹോദരങ്ങളും ആക്രമിക്കപ്പെട്ടു. ഹോളുകൾക്ക് പോലീസ് കാവലുണ്ട്. സുവി. കെ. എ. ഡോമിനിക്ക്, സി. പി. മാത്യു, കെ. എം. പോൾ, പി. സി. സാമുവൽ, സണ്ണി റ്റി. ദാനിയേൽ, സി. എസ്. തോമസ്, കെ. സി. തോമസ്, സോളമൻ പ്രധാൻ, പി. സെൽവനായകം, പഞ്ചാനൻ പോൾ, ജോസഫ് മസിഹ്ദാസ്, അജയ് കുമാർ ഛത്രിയ. | **27** ഒറീസ്സയിലെ സുവിശേഷകരുടെ സംരക്ഷണത്തിനായി. അനുസരൺപാണി, ജോൺദാസ്, അപാറാർ വഡേക്ക, ബ്രജോ ബിഗാരി, കിഷോർബാഗ്, റോസൻ ബാഗ്, ആർ. ശ്രീധർ, സുരേന്ദ്ര താക്രി. കൂടുതൽ പേരുകൾ ഫണ്ടുകളുടെ ലിസ്റ്റിലും പ്രയർ ഗാന്ഡ് ബുക്കിലും ഉണ്ട്. ഒറീസ്സയിലെ വിവിധ ഗോത്രവർഗ്ഗക്കാർ രക്ഷിക്കപ്പെടുവാൻ. |
| **വെള്ളി**<br>ലോക രാജ്യങ്ങൾ | പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക.<br>**പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.** | **7** സാമ്പത്തിക മാന്ദ്യം അമേരിക്കയുൾപ്പെടെയുള്ള സമ്പന്ന രാജ്യങ്ങളെ തളർത്തുന്നു. ജനങ്ങൾ കർത്താവിങ്കലേക്കു നോക്കാൻ പ്രാർത്ഥിക്കുക. അമേരിക്കയുടെ പുതിയ പ്രസിഡന്റും വൈസ് പ്രസിഡന്റും ദൈവഭയത്തോടെ ഭരണം നിർവഹിക്കാൻ. ഭാരതത്തിൽ നിന്നും അമേരിക്കയിൽ ജോലിക്കായ് പോയിട്ടുള്ള വിശ്വാസികളെ ഓർത്ത്. | **14** ശ്രീലങ്കയുടെ സമാധാനത്തിനായി പ്രാർത്ഥിക്കുക. തമിഴ്പുലികളും ശ്രീലങ്കൻ സൈന്യവുമായി നടക്കുന്ന ഏറ്റുമുട്ടലിൽ നൂറുകണക്കിനാളുകൾ മരിക്കുന്നു. ശ്രീലങ്കൻ പ്രസിഡന്റ് മഹിന്ദ രജപക്ഷെ. എൽ. ടി. ടി. ഇ. നേതാവ് വേലുപിള്ള പ്രഭാകരൻ. ശ്രീലങ്കയിൽ ക്രിസ്ത്യാനികൾ 7. 6 ശതമാനം. ബുദ്ധമതക്കാർ 72, ഹിന്ദു 12, മുസ്ലീം 8. | **21** പാക്കിസ്ഥാൻ പ്രസിഡന്റ് അസിഫ് അലി സർദാരിക്കുവേണ്ടി. പാക്കിസ്ഥാനിലെ തീവ്രവാദികൾക്കു വേണ്ടി. സുസ്ഥിരമായ ഭരണത്തിനും സുവിശേഷ സ്വാതന്ത്ര്യം ലഭിക്കാനും 2. 31 ശതമാനം മാത്രമാണ് ക്രിസ്ത്യാനികൾ. നേരത്തെയുള്ള കണക്കനുസരിച്ച് ക്രിസ്ത്യൻ ബ്രദ്റൻ സഭകൾ 112. മിഷണറി മാർ സ്കൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് പാക്കിസ്ഥാനിലുണ്ട്. | **28** നേപ്പാളിനു വേണ്ടി പ്രാർത്ഥിക്കുക. മാവോയിസ്റ്റ് നേതാവ് പുഷ്പ കമാൽ ദഹൽ (പ്രചണ്ഡ)യാണ് ഇപ്പോൾ പ്രധാനമന്ത്രി. പ്രസിഡന്റ് റാം ഭരൺ യാദവ്. രാജാവിനെ സ്ഥാനഭ്രഷ്ടനാക്കിയ ശേഷം പരമാധികാര റിപ്പബ്ലിക്കായ നേപ്പാൾ അടുത്തകാലം വരെ ലോകത്തിലെ ഏക ഹിന്ദു രാജ്യമായിരുന്നു. സുവിശേഷ പ്രവർത്തനത്തിന് കൂടുതൽ സ്വാതന്ത്ര്യം ലഭിക്കാൻ പ്രാർത്ഥിക്കുക. |
| **ശനി**<br>കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **1** ആശുപത്രി പ്രവർത്തനങ്ങൾക്കായി. അനേക മിഷൻ ആശുപത്രികൾ ഇല്ലാതെയായി. വിവിധ സംസ്ഥാനങ്ങളിലുള്ള ഇമ്മാനുവൽ ഹോസ്പിറ്റൽ അസോസിയേഷൻ ആഷുപത്രികൾക്കായി. വെല്ലൂർ സി. എം. സി. ലുധിയാന സി. എം. സി. (പല പ്രശ്നങ്ങളിൽ നിന്നും കരകയറ്റിക്കൊണ്ടിരിക്കുന്നു). ആന്ധ്രയിലെ ഹരസ്പൂർ, അംബാജിപേട്ട, കർണ്ണാടകയിലെ സങ്കേശ്വർ. | **8** സ്കൂൾ പ്രവർത്തനങ്ങൾക്കായി. ചത്തീസ്ഗഡിലെ ഇർപ്പനാർ ജീവൻ ജ്യോതി, ജംതാരയിലെ എഡ്വേർഡ് മിഷൻ സ്കൂൾ, ബാംഗ്ലൂർ ക്ലാരൻസ്, ഊട്ടിയിലെ ഹെബ്രോൺ, കർണ്ണാടകയിലെ കൊള്ളേഹൽ ഹൈസ്ക്കൂൾ, കേരളത്തിലെ നോയൽ മെമ്മോറിയൽ സ്കൂളുകൾ അഭിവൃദ്ധിപ്പെടാൻ, കുമ്പനാട് ബ്രദ്റൻ ഇംഗ്ലീഷ് മീഡിയം, വടക്കേ ഇന്ത്യയിൽ പുതിയ സ്കൂളുകൾക്കായി. | **15** നമ്മുടെ മദ്ധ്യത്തിൽ പുതിയ മെഡിക്കൽ കോളേജിനായി. പക്കാഞ്ചോർ ആശുപത്രിയിൽ ഡോക്ടേഴ്സിനായി. തിരുവല്ല റ്റി. എം. എ. മിഷനറി ദർശനത്തോടെ പ്രവർത്തിക്കുവാൻ. പോൾ തിമോത്തി ട്രസ്റ്റിന്റെ ആർദ്രം (രോഗികൾക്കായി), പ്രോജക്ടിനായി, സ്റ്റിവാർഡ് അസോസിയേഷൻ ഭാരത സുവിശേഷീകരണത്തിന്റെ കേന്ദ്രമായി മാറാൻ. ജി. എൽ. എസ്സിനു വേണ്ടി. | **22** അടുത്ത വർഷത്തെ വി. ബി. എസ്. സിലബസിനായി. മറാത്തി, തെലുങ്ക്, ഹിന്ദി ഭാഷകളിൽ തർജ്ജിമയ്ക്കായി. പ്രിന്റിംഗ് ചെലവുകൾക്കായി. സമർപ്പണമുള്ള ചിലരെ കർത്താവ് എഴുന്നേൽപ്പിക്കാൻ (ഈ ശുശ്രൂഷയിൽ പങ്കു വഹിക്കാൻ താൽപര്യമുണ്ടോ?) ടീൻസ് ക്യാമ്പുകൾ കൂടുതൽ സ്ഥലങ്ങളിൽ നടക്കാൻ. കുട്ടികൾക്ക് ട്രാക്ടുകൾ വേണം പ്രാർത്ഥിക്കുക. | **29** യുവജന ക്യാമ്പുകൾക്കായി. പിശാചിന്റെ തന്ത്രങ്ങൾ ദൈവമക്കൾ മനസ്സിലാക്കി യുവജനങ്ങളുടെ അഭിവൃദ്ധിക്കു വേണ്ടതു ചെയ്യുവാൻ. വൈ. എം. ഇ. എഫ്. ടീമുകൾ, പ്രവർത്തനങ്ങൾ ഇവയ്ക്കായി. ബാലസംഘം പ്രവർത്തനങ്ങൾക്കുവേണ്ടി. മലപ്പള്ളി ബോയ്സ് ഹോമിനായും കോളേജ്ഗേൾസ് ഹോമിനായും കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായും. |

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,